**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5825** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്വയം തൊഴിൽ സംഘങ്ങൾക്കു നൽകുന്ന തുക തട്ടിയെടുക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്വയം തൊഴിൽ സംഘങ്ങൾക്ക് നൽകുന്ന തുക ഗുണഭോക്താക്കളറിയാതെ തട്ടിയെടുത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്വയംതൊഴിൽ സംഘങ്ങൾക്ക് നൽകുന്ന തുക ഗുണഭോക്താക്കളറിയാതെ തട്ടിയെടുത്ത സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പരാതികളും ലഭിച്ചിട്ടില്ല. |
| (ബി) | ഇത്തരം സംഭവങ്ങളിലെ ഇടനിലക്കാരെ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | ഇടനിലക്കാർ പണം തട്ടിയെടുക്കുന്നതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി/ ധനസഹായം നൽകുന്നതുൾപ്പടെയുള്ള നിബന്ധനകൾ വ്യക്തമാക്കി സ.ഉ.(കൈ) നം. 115/2022/തസ്വഭവ; തീയ്യതി 28.05.2022 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിലെ ഖണ്ഡിക 6.5 ൽ നിബന്ധനകൾ വിശദമാക്കിയിട്ടുണ്ട്. അതു പ്രകാരം തുക ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ധന സഹായം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. കൂടാതെ സ്വയം തൊഴിൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഉൾപ്പടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ആയത് തദ്ദേശ സ്ഥാപനങ്ങളുടെ അധികാരികൾക്ക് തുടർ നടപടികൾക്കായി അയച്ചു നൽകുകയും ചെയ്യുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇതിന് മറുപടി ലഭിക്കുന്നതനുസരിച്ച് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിനു വിധേയമായി |

| | | | |
|---|---|---|---|
| | | | സർചാർജ്/ ചാർജ് സർട്ടിഫിക്കറ്റ് നൽകി തുക തിരികെ ഈടാക്കുന്നതടക്കമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ